ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

കാക്കയങ്ങാടിൽ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി

185 (4248) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സുധീർ നമ്പൂതിരിപ്പാട് ഐ.എ.എസ്. മുഖേന വൈദ്യുതി മന്ത്രി സഭയം മറുപടി നൽകുമോ :

(എ) കൂടുതൽ സെക്ഷൻ ഓഫീസുകൾ മോഡൽ സെക്ഷനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലെ ആറളംഫാം ആദിവാസി പുനരധിവാസമേഖലയിലെ കാക്കയങ്ങാടിൽ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സമയബന്ധിതമായി കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളും മോഡൽ സെക്ഷൻ ആക്കി മാറ്റാനാണ് ഇപ്പോൾ വകുപ്പുമന്ത്രി ഉദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

കെ.എസ്.ഇ.ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ

186 (4249) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സുധീർ നമ്പൂതിരിപ്പാട് ഐ.എ.എസ്. മുഖേന വൈദ്യുതി മന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കളുടെ എണ്ണവും ദൂരവും പരിഗണിച്ച് ചാവക്കാട് മണ്ഡലത്തിലെ പരിയാരം, കൊരട്ടി, ചാവക്കാട് സെക്ഷൻ എന്നീ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സെക്ഷൻ ഓഫീസുകളാണ് പുതുതായി രൂപീകരിക്കുക ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

ചാരുംമൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്

187 (4250) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സുധീർ നമ്പൂതിരിപ്പാട് ഐ.എ.എസ്. മുഖേന വൈദ്യുതി മന്ത്രി സഭയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി 20 സെന്റ് സ്ഥലം ഉള്ള പാരുംമൂട്ടിൽ പ്രസ്തുത ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം പണി നടത്തുന്നതിന് എന്തൊക്കെ നടപടികളായെന്ന് വ്യക്തമാക്കുമോ ;

(ഡി) ടി സ്ഥലത്തിന്റെ പുറ്റുമതിൽ കെട്ടുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) പുറ്റുമതിൽ എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്.

(ഇ) മൂന്നുമാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൂവാറ്റുപുഴയിൽ വൈദ്യുതി ഭവൻ നിർമ്മിക്കാൻ നടപടി

188 (4251) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴയിൽ വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) എന്നത്തേക്ക് പ്രസ്തുത വൈദ്യുതി ഭവന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 14 ¾ പുറനോക്ക് സ്ഥലത്ത് സ്ഥിതിചെയ്യുന്ന 2600 ചതുരശ്ര അടി കെട്ടിടത്തിലാണ് മൂവാറ്റുപുഴ ഇലക്ട്രിക്കൽ സബ് ഡിവിഷനും മൂവാറ്റുപുഴ സെക്ഷൻ നമ്പർ 1 ഉം പ്രവർത്തിക്കുന്നത്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും സാധന സാമഗ്രഹികൾ ശേഖരിച്ചിരിക്കുന്നതുമായ ഇപ്പോൾ ബോർഡ് കൈവശം വച്ചനുഭവിക്കുന്ന കുറച്ച് പുറനോക്ക് സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly